# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം: 134

11.02.2013 ലെ
മറുപടിയ്ക്ക്

### മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിഭാഗക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എം. ഉമ്മർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തു നിന്നുള്ള ന്യൂനപക്ഷ വിഭാഗക്കാർക്ക് കേന്ദ്ര സർക്കാരിന്റെ സർക്കാർ/അർദ്ധ സർക്കാർ, സൈനിക വിഭാഗങ്ങളിൽ അർഹമായ പ്രാതിനിധ്യമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും<br>ഉണ്ട്. കരസേന, നാവിക സേന, വ്യോമ സേന, മറ്റ് അർദ്ധസൈനിക, പോലീസ് വിഭാഗങ്ങൾ എന്നിവയിലെ വിവിധ തസ്തികകളിൽ ജോലി നേടാൻ ആഗ്രഹിക്കുന്ന യോഗ്യരായ ന്യൂനപക്ഷ ഉദ്യോഗാർത്ഥികളെ ഇതിനായി പൂർണ്ണ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ വഴി നടപ്പിലാക്കി വരുന്നു. ഇതിൽ, തെരഞ്ഞെടുക്കപ്പെട്ട അൻപത് ഉദ്യോഗാർത്ഥികൾക്ക് രണ്ട് മാസത്തെ സൗജന്യ പരിശീലനം (ഭക്ഷണവും താമസ സൗകര്യവുമടക്കം) നൽകി വരുന്നുണ്ട്. |
| (സി) മത്സരപരീക്ഷകളിൽ പങ്കെടുക്കാൻ ന്യൂനപക്ഷ വിഭാഗക്കാരെ സജ്ജരാക്കുന്നതിന് പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ? | (സി) അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ മുസ്ലീം യുവജനതയെ പി.എസ്.സി, യു.പി.എസ്.സി, ഐ.ബി.പി.എസ്, ആർ.ആർ.ബി, യു.ജി.സി തുടങ്ങിയവ നടത്തുന്ന മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വേണ്ടി കാസർഗോഡ്, പയ്യന്നൂർ, കോഴിക്കോട്, പൊന്നാനി, വേങ്ങര, ആലുവ, കാഞ്ഞിരപ്പള്ളി, കരുനാഗപ്പള്ളി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിന്റെ മാതൃകയിൽ സംസ്ഥാനത്തെ മറ്റു ജില്ലകളിലും, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 20% സീറ്റുകൾ മറ്റ് വിഭാഗങ്ങൾക്ക് വേണ്ടി നീക്കി വച്ചിട്ടുണ്ട്. കൂടാതെ ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ അടിസ്ഥാന സൗകര്യമൊരുക്കിത്തരുമ്പോൾ അവിടെ പരിശീലകർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുന്ന രീതിയിൽ ഉപപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ